നം.കെ.എസ്.എ.-കെ.ടി.എം.പി7/1435/2018 തീയതി : 07.08.2018

# കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19.07.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.07.2018 മുതൽ 13.07.2018 വരെ<br>18.07.2018 മുതൽ 19.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജി പി.ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രതീഷ് സി. ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ബീന ബേബി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.രാജൻ മുണ്ടമറ്റം | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.റൂബി ജോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.സ്കറിയാ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർപേഴ്സൺ (ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി സന്ധ്യ ജി.നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.സജിത്ത് മാത്യൂസ് | 01.04.2017 മുതൽ 31.03.2018 വരെ |

(സി) <u>മറ്റ് നിർവഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോസഫ് പി.റ്റി. | 01.04.2017 മുതൽ 10.07.2018 വരെ |
| | ശ്രീ.ദേവേഷ് എസ്. | 03.08.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ജൂലി ഐ. എലിസബത്ത് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.സാജൻമോൻ കെ.ആന്റണി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. മുത്തോലി | ഡോ.അനീഷ് കെ.ഭദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ.സെലിൻ സൈമൺ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ.കാഷ്മീര | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.വിമൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ.ബി.ബിനീഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പുഷ്പമ്മ കെ.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.തോംസൺ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി മീഡിയറാണി എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി താരാ ഗോപാൽ | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) <u>ഉള്ളടക്കം</u>

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|

| | |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം |
| 2-2 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ |
| 2-3 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4 | തൊഴിൽനികുതി |
| 2-5 | ഡി&ഒ ലൈസൻസ് |
| 2-6 | ടെണ്ടർഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിച്ചിട്ടില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ശമ്പളപരിഷ്കരണ കുടിശ്ശിക നൽകിയതിൽ അപാകത |
| 3-2 | ടെക്നിക്കൽ അസിസ്റ്റന്റിന് 6 മാസം ശമ്പളത്തോടുകൂടിയ പ്രസവാവധി അനുവദിച്ചത് – ക്രമപ്രകാരമല്ല |
| 3-3 | എൻ.പി.എസ്. വിഹിതം അധികം അടച്ച |
| 3-4 | കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ |
| 3-5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. മുത്തോലി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ |
| 3-6 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ |
| 3-7 | ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടാത്ത സാഹചര്യം പരിഗണിക്കാതെ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് ഓവർഹെഡ് ചാർജ്ജ് അധികനിരക്ക് നൽകി |

| | |
|---|---|
| 3-8 | റോഡ് ടാറിംഗ് പ്രവൃത്തികൾ--ബാരൽവില തിരികെ ഈടാക്കിയിട്ടില്ല |
| 3-9 | സേവനനികുതി അടവാക്കിയിട്ടില്ല |
| 3-10 | നിക്ഷേപപ്രവൃത്തികൾ--കൈപ്പറ്റുരസീത്, വിനിയോഗ വിവരം എന്നിവ ലഭിച്ചിട്ടില്ല |
| 3-11 | വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ട് |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2017 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.03.18 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 2,14,54,055 | 1,50,74,119.05 | | 63,79,936 |
| വരവ് | 2,91,18,750 | 5,26,42,549 | 2,35,23,799 | |
| ആകെ | 5,05,72,805 | 6,77,16,668.05 | 1,71,43,863 | |
| ചെലവ് | 4,81,99,603 | 5,62,40,598 | 80,40,995 | |
| നീക്കിയിരിപ്പ് | 23,73,202 | 1,14,76,070.05 | 91,02,868 | |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യഥാർഥ തുകകളുമായി വളരെയേറെ അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയുമാണ് ബജറ്റ് തയ്യാക്കുന്നത് എന്ന് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 31.05.18ലെ A1/2483/18/നം. കത്ത് പ്രകാരം 08.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 22.06.2018, 23.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും29.06.18 ലെ കെ.എസ്.എ.-കെ.ടി.എം.പി7.1205/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,50,74,119 |
| വരവ് | 5,26,42,549 |
| ആകെ | 6,77,16,668 |
| ചെലവ് | 5,62,40,598 |
| നീക്കിയിരിപ്പ് | 1,14,76,070 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,01,37,966 | 1,01,37,966 | 1,01,07,981 | 29,985 | 99.704 |
| വികസനഫണ്ട് എസ്.സി.പി. | | 22,75,609 | 22,75,609 | 22,75,609 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | | 56,977 | 56,977 | 56,977 | | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് – റോഡ് | | 90,65,956 | 90,65,956 | 90,65,956 | | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 31,04,000 | 31,04,000 | 31,04,000 | | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 1,00,52,624 | 1,00,52,624 | 64,59,866 | 35,92,758 | 64.26 |
| പെർഫോമൻസ് ഗ്രാന്റ്(KLGSDP) | | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഫണ്ട്(ടി.എസ്.ബി.) | 51,90,589 | 59,98,000 | 1,11,88,589 | 1,11,33,975 | 54,614 | |
| സാക്ഷരത ഫണ്ട് | | | | | | |
| ദുരിതാശ്വാസ നിധി | 1,443 | 18,143 | 19,586 | 10,000 | 9,586 | |
| MNREGS | 1,146 | 4,80,235 | 4,81,381 | 4,80,344 | 1,037 | |
| പി.എൻ.ബി. | 1,14,523 | 9,90,579 | 11,05,102 | 0 | 11,05,102 | |
| ബി-ഫണ്ട് | | 74,400 | 74,400 | 74,400 | -- | |
| തനത് ഫണ്ട് | 72,65,628 | 1,13,94,340 | 1,86,59,968 | 1,04,72,438 | 81,87,530 | |
| ക്യാഷ്(തനത് ഫണ്ട്) | 1,36,228 | 3,75,782 | 5,12,010 | 1,36,228 | 3,75,782 | |
| മറ്റിനം | | 11,000 | 11,000 | 0 | 11,000 | |
| ജലനിധി | 23,64,562 | 78,460 | 24,43,022 | 4,08,112 | 20,34,910 | |

## 1-6 പദ്ധതി അവലോകനം

### പദ്ധതി ആസൂത്രണം

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 15.02.2017, 15.03.2017 തീയതികളിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 16.03.2017 മുതൽ 20.03.2017 വരെയുള്ള തീയതികളിലും വികസനസെമിനാർ 29.04.2017ലും കൂടിയിട്ടുണ്ട്.

2017-18 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് എല്ലാ വർക്കിങ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും സ്റ്റാറ്റസ്റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട് എന്നാൽ ടി യോഗങ്ങളുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി തയ്യാറാക്കുന്നതിൽ നിയമപരമായ ചുമതല പൂർണ്ണമായും പാലിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഹാജർ വളരെ കുറവായാണ് കാണപ്പെട്ടത്. പല മിനിറ്റ്സ് ബുക്കുകളിലും തീരുമാനങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണ ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ടെന്ന് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചർച്ചകളുടെയും തീരുമാനങ്ങളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല.

2017-18 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2017/DPC/DPO/KTM തീയതി 24.02.2018 പ്രകാരം അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 182 | 168 | 4 | 10 | 94.5 |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയവ | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | പ്രോജക്ടുകൾക്കായുള്ള ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 19,45,778 | 11,01,611 | 56.62 |
| വെറ്ററിനറി സർജൻ | 3 | 3 | 9,40,000 | 4,52,500 | 48.13 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 10 | 10 | 24,10,000 | 23,31,091 | 96.72 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 60,000 | 60,000 | 100 |
| വി.ഇ.ഒ. | 4 | 4 | 30,50,000 | 23,84,499 | 78.18 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 9 | 27,36,153 | 23,64,038 | 86.4 |
| സെക്രട്ടറി | 27 | 22 | 71,96,815 | 36,41,048 | 50.59 |
| അസിസ്റ്റന്റ് എൻജിനീയർ | 105 | 104 | 2,32,30,615 | 2,02,58,553 | 87.2 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 7,40,000 | 7,40,000 | 100 |
| ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ | 7 | 7 | 11,03,500 | 10,49,050 | 95.06 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 3,99,000 | 3,48,977 | 87.46 |

പൂർത്തീകരിച്ച പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നില്ല

ജി.ഒ.(എം.എസ്.)72/17 തസ്വഭവ തീയതി 29.03.17 ഖ.14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്.

പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. എന്നാൽ ഇപ്രകാരമുള്ള പൂർത്തീകരണ പത്രമോ മോണിറ്ററിംഗ് റിപ്പോർട്ടോ പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി മേൽ വിഷയം പരിഗണിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവയെ ആധാരമാക്കിയല്ല പദ്ധതി നിർവ്വഹണം നടത്തിയത്. കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ്ച്ചെലവാകുന്നു.

## 1-7 തൊഴിലുറപ്പുപദ്ധതി

ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടെ 2017-18 ലെ വരവുചെലവുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1,146 | 4,80,235 | 4,81,381 | 4,80,344 | 1,037 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 63,76,212 | 63,76,212 | 63,76,212 | 0 |
| | 1,146 | 68,56,447 | 68,57,593 | 68,56,556 | 1,037 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14,400 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 18,91,100 | 637 |
| വിധവാപെൻഷൻ | 45,07,400 | 1474 |
| വാർദ്ധക്യകാലപെൻഷൻ | 1,16,17,000 | 3190 |
| വികലാംഗപെൻഷൻ | 14,90,100 | 487 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 2,99,200 | 98 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60,000 | 2 |

## 1-9 ക്യാഷ് പരിശോധന

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2018 തീയതിയിൽ 3:15 പി.എം.-ന് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് കാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 4,646/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ധനകാര്യ ഇടപാടുകൾ നിലവിലുള്ള അക്കൗണ്ടിംഗ് നിയമങ്ങൾക്ക് വിധേയമായും ഭരണസമിതി തീരുമാനങ്ങൾക്ക് അനുസൃതമായും നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളെ പൊതുവെ ആഭ്യന്തരനിയന്ത്രണ സംവിധാനം എന്ന് വിവക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യാവലി അടിസ്ഥാനമാക്കി മുത്തോലി ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

<u>പൊതുവായ നിയന്ത്രണങ്ങൾ</u>

ഉചിതമായ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് ഭരണസമിതിയുടെ ഉത്തരവാദിത്തമാണെന്ന് ബോധ്യമുണ്ട്.

ആപൽ സാധ്യതകളെ വിലയിരുത്തി ഉചിതമായ പരിഹാരനിയന്ത്രണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

സ്ഥാപനത്തിന് ലിഖിതമായ അക്കൗണ്ടിംഗ് രീതികൾ നിലവിലുണ്ട്.

നിയതമായ ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ചിട്ടുണ്ട്. ബജറ്റിലൂടെ സ്ഥാപനത്തിന്റെ വരവ്-ചെലവുകളെ മോനിട്ടർ ചെയ്യുന്നു.

ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ ഇടപാടുകളെയും പ്രവർത്തനത്തെയും പ്രതിഫലിപ്പിക്കുന്നുണ്ട്.

<u>അക്കൗണ്ടിംഗ് സിസ്റ്റം</u>

സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു.

വരവ് -ചെലവുകളെ സ്രോതസ്സ്/ഗ്രാന്റ്/പ്രോജക്ട് അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുന്നതിന് ഇതിൽ സാധ്യമാണ്.

വരവുകളും ചെലവുകളും കൃത്യമായ ശീർഷകത്തിൽ യഥാസമയത്ത് രേഖപ്പെടുത്തുന്നുണ്ട്.

<u>കാഷ് ബാങ്ക് അക്കൗണ്ടുകളിൻമേലുള്ള നിയന്ത്രണങ്ങൾ</u>

എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. ആയത് മേൽപരിശോധന നടത്തുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി. കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പണമിടപാടുകൾക്ക് മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.06.18 | 5/18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/8A-2381/182 Dated-09.03.2016 |

## 1-12 <u>വാർഷിക കണക്കുകളിലെ അപാകതകൾ</u>

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ (എം.എസ്)152/2011/തസ്വഭവ തീയതി 26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കി ആയതിന്റെ മൂല്യം കാണിക്കുന്ന ശീർഷകത്തിൽ നാളിതുവരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല.

4) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ,അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികകണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

5) മുത്തോലി സർവ്വീസ് സഹകരണബാങ്ക് അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നം.382)നൽകിയതും കാലഹരണപ്പെട്ടതുമായ താഴെപറയുന്ന ചെക്കുകൾ പണമാക്കാത്ത ചെക്കായിട്ടാണ് പൊരുത്തപ്പെടുത്തൽ പത്രികയിൽ ചേർത്തിട്ടുള്ളത്. ആയത് 'Liability in respect of Stale Cheque' എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

| ചെക്ക് നം./തീയതി | തുക |
|---|---|
| 102590/16.03.17 | 4,800 |
| 102598/16.03.17 | 4,970 |
| 95713/31.01.15 | 50 |

6) തൻ വർഷം 10,72,832 രൂപയുടെ പാർട്ട് ബില്ലുകൾ നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ബി 11(a) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുള്ളത് 3,16,671 രൂപ മാത്രമാണ്.

7) ബി 4 ഷെഡ്യൂൾ പ്രകാരം 320900299 (Other Awards from State Government ) ശീർഷകത്തിൽ 4,05,076 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം പ്രസ്തുത ഇനത്തിലെ നീക്കിയിരിപ്പ് 3,00,000 രൂപയാണ്.
8) വാടക രജിസ്റ്റർ പ്രകാരം തൻവർഷം മുഴവൻ തുകയും പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ബി 15 ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിൽ തൻ വർഷം 18,929 രൂപ കുടിശ്ശികയുണ്ട്.
9) Rent deposit, Other deposit ഇനങ്ങളുടെ കണക്കുകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
10) I 5(b) ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
11) വസ്തുനികുതിയിനത്തിൽ വാർഷികകണക്കിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
12) ബി9 ഷെഡ്യൂൾ പ്രകാരം കെ.പി.ഇ.പി.എഫ്, എൻ.പി.എസ്, പെൻഷൻ കോൺട്രിബ്യൂഷൻ ഇനങ്ങളിൽ അടവാക്കുവാൻ ബാക്കി നിൽക്കുന്ന തുകകൾ പഞ്ചായത്തിലെ രേഖകളുമായി പൊരുത്തപ്പെടുന്നില്ല.
13) കുടിശ്ശിക തുകകൾക്ക് തൻ വർഷം ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
14) പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച 1,18,000 രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതായാണ് ആർ.പി.47 പത്രികയിലും ബി18 പത്രികയിലും രേഖപ്പെടുത്തിയിരിക്കുന്നത്.
15) പി.ഡബ്ലിയു.ഡി.യിൽ നിക്ഷേപിച്ച് വിനിയോഗിക്കാൻ അവശേഷിക്കുന്ന 1,43,000 രൂപ ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചകൾ നടത്തുകയും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനറൽ കമ്മറ്റിയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. തനത് വരുമാനപുരോഗതി അവലോകനം ചെയ്യുന്നുണ്ട്. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് ആവശ്യമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടായതായി കാണുന്നില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ.

പഞ്ചായത്തിൽ 10-ാം വാർഡിൽ 442A നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തോപ്പൻസ് നീന്തൽ അക്കാദമി ചാരിറ്റബിൾട്രസ്റ്റിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നതിന് അപേക്ഷ നൽകിയിരുന്നു. അപേക്ഷപ്രകാരം കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിലുൾപ്പെടുത്തി വാർഷികനികുതി നിർണയിച്ചുനൽകി.(ഏരിയ-227.46ച.മീറ്റർ) കേരള പഞ്ചായത്ത് രാജ് നീയമം 203 പ്രകാരം ഈ സ്ഥാപനം മേൽപറഞ്ഞിരിക്കുന്ന വിഭാഗത്തിൽപ്പെടുന്നില്ല. നീന്തൽ പഠനം ഔപചാരിക വിദ്യാഭാസത്തിന്റെ ഭാഗമല്ലാത്തതിനാലും ഫീസ് വാങ്ങി നീന്തൽ പഠിപ്പിക്കുന്നസ്ഥാപനമായ തോപ്പൻസ് നീന്തൽ അക്കാദമിക്ക് നികുതി ഇളവുനൽകിയത് ക്രമപ്രകാരമല്ല. നീന്തൽകുളത്തിന്റെ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി നികുതി പുനർനിർണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും, അവരുടെ നിയമനം അംഗീകരിക്കുന്നമുറക്ക് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | സ്ഥാപനം | ജീവനക്കാരുടെ പേര് |
|---|---|---|
| 1 | കലാനിലയം യു.പി. സ്കൂൾ, പുലിയൂർ | സിസ്റ്റർ ഷിജി സെബാസ്റ്റ്യൻ, |
| 2 | എയ്ഡഡ് എൽ.പി. സ്കൂൾ, മീനച്ചിൽ | രേഷ്മാ രാജു |

## 2-4 തൊഴിൽ നികുതി

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ബ്രില്യന്റ് കോച്ചിംഗ് സെന്റർ പോലെ ധാരാളം ജീവനക്കാരുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ യഥാർഥ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് ഫീസ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരികളുടെയും, സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 ടെണ്ടർഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിച്ചിട്ടില്ല

2017-18 വർഷം മെറ്റീരിയൽ റിക്കവറി ഫസിലിറ്റി സെന്റർ എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് (പ്രോജക്ട് നം.132/18) ഇ-ടെണ്ടറിലൂടെയാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത വേലയ്ക്ക് രണ്ട് ടെണ്ടർ ലഭിച്ചിട്ടുണ്ട്. ടെണ്ടർഫീസ് ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച 5000 രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ ലഭിച്ചിട്ടില്ല എന്ന് കാണുന്നു. ഇ ടെണ്ടർ സംബന്ധിച്ച സാമ്പത്തിക വിനിമയങ്ങൾക്കായുള്ള കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഇപ്പോൾ തുക സൂക്ഷിച്ചിട്ടുള്ളത്. മേൽ പറഞ്ഞ തുകയും ഇ.എം.ഡിയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയതിൽ അപാകത

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ 2014ലെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നാം ഗഡു നൽകുന്നതിനായി 1,55,716 രൂപ വൗച്ചർ നം.21700018/7.4.17 (ചെക്ക് നം.642756/7.4.17) പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഇതിൽ അക്കൗണ്ടന്റ് ശ്രീമതി രശ്മി മോഹന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക തുകയായ 59,868 രൂപയുടെ ഒന്നാം ഗഡു 19,072 രൂപയും ഉൾപ്പെടുന്നു. എന്നാൽ ശ്രീമതി രശ്മി മോഹൻ 2/16 ൽ തലപ്പുലം ഗ്രാമ പഞ്ചായത്തിലാണ് സേവനമനുഷ്ഠിച്ചിരുന്നത്. (രണ്ടും മൂന്നും ഗഡുക്കൾ ഈ ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല). 2/16 ൽ തലപ്പുലം ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി രശ്മി മോഹന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക മുത്തോലി ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ചത് ക്രമപ്രകാരമല്ല. കൂടാതെ ടിയാളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കിയ ഡ്യൂ ഡ്രോൺ പത്രികയിൽ 7/15 ൽ വാങ്ങിയ ശമ്പളം 15,780 രൂപ എന്നാണ് ചേർത്തിട്ടുള്ളത്. സേവന പുസ്തകം പ്രകാരം 7/15 ൽ ടിയാൾ 16,180 രൂപ ശമ്പളം വാങ്ങിയിട്ടുണ്ട്. ഇപ്രകാരം 7/15 മുതൽ 1/16 വരെയുള്ള കുടിശ്ശിക കണക്കാക്കിയതിൽ 5,376 രൂപ അധികമായി കണക്കാക്കി. മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2)മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി രശ്മി മോഹന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക തുകയുടെ ഒന്നാം ഗഡു നൽകിയ 19,072 രൂപ തലപ്പുലം ഗ്രാമ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അധികമായി കുടിശ്ശിക കണക്കാക്കിയ 5,376 രൂപ നാലാം ഗഡുവിൽ ക്രമീകരിക്കുന്നതിന് തലപ്പുലം ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകേണ്ടതുമാണ്.

## 3-2 ടെക്നിക്കൽ അസിസ്റ്റന്റിന് 6 മാസം ശമ്പളത്തോടുകൂടിയ പ്രസവാവധി അനുവദിച്ചത് -- ക്രമപ്രകാരമല്ല

ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി സിമി മാത്യുവിന് 4.3.17 മുതൽ 6 മാസത്തെ പ്രസവാവധി അനുവദിച്ചു. പ്രസവാവധിയിലായിരുന്ന 6 മാസത്തെ ശമ്പളം താഴെ ചേർക്കും വിധം ടിയാൾക്ക് നൽകിയിട്ടുണ്ട്.

| മാസം | ശമ്പളം നൽകിയ തുക (രൂപ) | വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി |
|---|---|---|---|
| 3/17, 4/17 | 40,000 | 21700176/3.6.17 | 688311/30.5.17 |
| 5/17 | 21,000 | 21700192/3.6.17 | 688313/1.6.17 |
| 6/17, 7/17 | 42,000 | 21700314/1.8.17 | 736264/1.8.17 |
| 8/17 | 22,000 | 21700407/2.9.17 | 736288/2.9.17 |
| ആകെ | 1,25,000 | | |

ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റിന് കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം VIII ചട്ടം 2 ന്റെ നോട്ട് പ്രകാരം 6 മാസം ശമ്പളത്തോടുകൂടിയ പ്രസവാവധി അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ നാലാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ടി വിഷയം സർക്കാരിന്റെ പരിഗണനയിൽ ഉള്ള വിഷയമാണെന്ന് മറുപടി നൽകി. ആയത് അംഗീകരിക്കാവുന്നതല്ല. 3/17 ൽ നിലവിലുണ്ടായിരുന്ന നിയമപ്രകാരം ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റിന് കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം VIII ചട്ടം 2 ന്റെ നോട്ട് പ്രകാരം 6 മാസം ശമ്പളത്തോടുകൂടിയ പ്രസവാവധി അനുവദിക്കാവുന്നതല്ല. ആയതിനാൽ ക്രമവിരുദ്ധമായി അനുവദിച്ച 1,25,000 രൂപ ശ്രീമതി സിമി മാത്യുവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക നൽകിയ സെക്രട്ടറി ശ്രീ.സജിത് മാത്യൂസിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 എൻ.പി.എസ്.വിഹിതം അധികം അടച്ചു

മുത്തോലി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ 5/17 ലെ ശമ്പള ബില്ലിൽ നിന്നും കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതമായി 6,954 രൂപയാണ് റിക്കവറി ചെയ്തിട്ടുള്ളത്. എന്നാൽ 16,424 രൂപ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതമായി ഒടുക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക (രൂപ ) | റിമാർക്ക്സ് |
|---|---|---|
| 21700206/ 9.6.17 | 8,212 | ജീവനക്കാരുടെ വിഹിതം |
| 21700207/ 9.617 | 8,212 | എംപ്ലോയറുടെ വിഹിതം |
| ആകെ | 16,424 | |

ആകെ അടയ്ക്കേണ്ടിയിരുന്ന തുക 13,908 രൂപ (6954x2) മാത്രമാണ്. അധികം അടവ് 16424-13908 = 2516 രൂപ. കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം അധികം അടച്ചത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ മൂന്നാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അടവാക്കിയ 2,516 രൂപ തിരികെ ലഭിക്കാൻ സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ

1) പ്രോജക്ട് നം. 25/18-സമഗ്ര നെൽകൃഷി വികസനം
ചെലവ് -Rs. 5,84,796/- (വികസന ഫണ്ട് )
2). പ്രോജക്ട് നം. 94/18- കുരുമുളക് വികസന പദ്ധതി
ചെലവ് -Rs. 1,80,000/- (വികസന ഫണ്ട് )

പ്രോജക്ട് നം.25/18 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, കുമ്മായ വിതരണം, വളം വിതരണം എന്നീ ഇനങ്ങളിലായി തെക്കുമുറി പാടശേഖര സമിതി, പടിഞ്ഞാറ്റിൻകര പാടശേഖര സമിതി, കാണിയക്കാട് പാടശേഖര സമിതി എന്നിവയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക നൽകിയിട്ടുണ്ട്. കൂടാതെ പ്രോജക്ട്

നം.94/18 പ്രകാരം കുരുമുളക് കൃഷിക്ക് ആവശ്യമായ വളം വാങ്ങിയതിന് കുരുമുളക് വികസനസമിതിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക നൽകിയതായും കാണുന്നു. 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എംഎസ്)80/2017/തസ്വഭവ/03.04.17) ഖണ്ഡിക 8.1- ക്രമ നം.1,5, ഖണ്ഡിക 2-8, ഖണ്ഡിക 2-9 എന്നിവ പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകേണ്ടത്. എന്നാൽ മേൽ വിവരിച്ച പ്രോജക്ടുകളിൽ പാടശേഖര സമിതി, കുരുമുളക് വികസനസമിതി എന്നിവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് സബ്സിഡി തുക നൽകിയിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സമിതികൾ തന്നെ തുക അഡ്വാൻസായി ചെലവഴിച്ചതിനാലാണ് ടി തുക സമിതികൾക്ക് നൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പാക്കുന്നതെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. മുത്തോലി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രോജക്ട് നം.27/18 - വൃദ്ധർക്ക് പോഷക മരുന്ന്

ചെലവ് – 3,50,000 രൂപ

പദ്ധതി പ്രകാരം, പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗുണഭോക്തൃലിസ്റ്റിലുള്ളതും പോഷകക്കുറവ് അഭിമുഖീകരിക്കുന്നതുമായ വൃദ്ധജനങ്ങൾക്ക് വിറ്റാമിൻ ഗുളികകൾ, ബി/ഡി പ്രോട്ടീൻ, THYRONOM 50MG, METOPROLOL 50 MG എന്നിവ വാങ്ങിയതിന് 3,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ വിതരണം ചെയ്യുന്നതിനായി വാഹനക്കൂലി ഇനത്തിൽ 5,334/- രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ മരുന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. രോഗികൾ ചുമതലപ്പെടുത്തുന്നവർ കൈപ്പറ്റുന്നതിനോ, ആശാ വർക്കർമാർ, പാലിയേറ്റീവ് കെയർ യൂണിറ്റ് എന്നിവ മുഖേന മരുന്നുകൾ വിതരണം ചെയ്യുന്നതിനോ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഇപ്രകാരമുള്ള അധിക ചെലവ് ഒഴിവാക്കാമായിരുന്നു. കൂടാതെ പ്രൊജക്ടിലെ ധനകാര്യ വിശകലന പ്രകാരം ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ തുക വകയിരുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, രോഗികൾക്ക് ആശുപത്രിയിൽ എത്തി മരുന്നുകൾ കൈപ്പറ്റുന്നത് ബുദ്ധിമുട്ടായതിനാലാണ് ഇപ്രകാരം തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അധികച്ചെലവും അപാകതകളും തുടർവർഷങ്ങളിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. പ്രോജക്ട് നം.29/18 - മുത്തോലി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ

പദ്ധതിയുടെ ഭാഗമായി ബിൽ നം.27/21.03.2018 പ്രകാരം 62,721/- രൂപയുടെ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഇന്റെന്റ് നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 37,164/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 25,557/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതനുസരിച്ച് വിശദാംശം ഹാജരാക്കേണ്ടതാണ്, അതുവരെ 25,557 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രോജക്ട് നം.136/18 - മുത്തോലി മിനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ ,അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങൽ

പദ്ധതി പ്രകാരം മുത്തോലി മിനി കുടിവെള്ള പദ്ധതിക്ക് 140852/- രൂപ ചെലവഴിച്ച്(ചെക്ക് നം. 51700752/31.01.2018 വൗച്ചർ നം 21700750/31.01.2018) മോട്ടോർ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ ഇൻസ്റ്റലേഷൻ ചാർജ്ജും സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. എന്നാൽ മോട്ടോർ ഇൻസ്റ്റാൾ ചെയ്തതിന്റെ ഇൻസ്റ്റലെഷൻ റിപ്പോർട്ട്, പദ്ധതി നിലവിൽ പ്രവർത്തിക്കുന്നതിന്റെ വിവരം, പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമല്ല. കൂടാതെ ഇവയുടെ പരിപാലനം സംബന്ധിച്ച്

ഗുണഭോക്തൃ സമിതിയുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,40,852 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം.17/18 പഞ്ചായത്ത് ഓഫീസ് പാരമ്പര്യേതര ഊർജ്ജസ്രോതസ്സ് സംരക്ഷണവും നവീകരണവും
ചെലവ് – 9,77,000 രൂപ

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൗരോർജ്ജ വൈദ്യുതി സംവിധാനം KELTRON മുഖേന നടപ്പാക്കിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പദ്ധതി നിലവിൽ പ്രവർത്തിക്കുന്നതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

നിലവിൽ ഇത് പ്രവർത്തിക്കുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും, ഇവ വൈദ്യുതി സംവിധാനത്തിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ KELTRON, KSEB എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

3. <u>പ്രോജക്ട് നം.18/18 -ഗതാഗത സൌകര്യത്തിന് കോൺവെക്സ് മിറർ വാങ്ങൽ</u>
ചെലവ് – 90,850 രൂപ

പദ്ധതി പ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഗതാഗത സംവിധാനത്തിനായി 30 കോൺവെക്സ് മിറർ 90,850 രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.(ബിൽ നം.25/17-18 തീയതി 06.03.2018) എന്നാൽ ഇവ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം.11/18.7.18) മറുപടിയിൽ 2018-19 വർഷം ഇവ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. കോൺവെക്സ് മിററുകൾ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവ സ്ഥാപിച്ച് വിശദാംശം അറിയിക്കുന്നതുവരെ മേൽപ്രോജക്ടിനായുള്ള 90,850 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. <u>പ്രോജക്ട് നം.32 /18 - 13-ാം വാർഡിലെ അങ്കണവാടികൾക്ക് അധിക സ്ഥലം വാങ്ങൽ</u>

പദ്ധതി പ്രകാരം, ഗ്രാമ പഞ്ചായത്തിലെ 13-ാം വാർഡിലെ അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിന് 2,24,060/- രൂപ (ബിൽ നം.24/17-18 തീയതി: 16.02.2018) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലം നാളിതുവരെ പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്ത് കരം അടച്ചിട്ടില്ല. കൈവശ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത് എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/18.7.18)സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. കൈവശ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത് എന്നിവയുടെ അഭാവത്തിൽ മേൽ പ്രോജക്ടിനായുള്ള 2,24,060 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 <u>ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടാത്ത സാഹചര്യം പരിഗണിക്കാതെ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് ഓവർഹെഡ് ചാർജ്ജ് അധികനിരക്ക് നൽകി</u>

ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്കുകൾക്ക് നികുതിവിഹിതം നൽകുമ്പോളുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ്ജ്കൂടി ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിയത്. 2017-18 വർഷം ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്കുകളുടെ ഡേറ്റാ പരിശോധിച്ചതിൽ 7.5% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. 7/2017 ൽ ജി.എസ്.ടി.നിലവിൽ വരികയും 31.03.18 വരെ കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2% ആദായനികുതിയും 1% കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത്. ആയതിനാൽ കൺവീനർക്ക് 4.5% തുക അധികം നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ | കൺവീനർ | ആകെ വേലമൂല്യം |
|---|---|---|---|---|
| 1 | 162/18<br>കുമ്പാനി അങ്കണവാടി പുനരുദ്ധാരണം | 2,14,000 | വിശാഖ് കെ.ഇ. | 1,99,332 |

| | | | | |
|---|---|---|---|---|
| 2 | 115/18<br>ചകിണിത്തോട്ടിൽ,<br>ചെക്ക് ഡാം പൂർത്തീകരണം | 4,99,000 | പി.കെ.ഗോപാലകൃഷ്ണൻ | 3,46,301 |
| 3 | 141/18<br>പടിഞ്ഞാറ്റിൻകര നാഷണൽ ലൈബ്രറിയ്ക്ക് കുടിവെള്ള സംവിധാനവും ടോയ്‌ലറ്റ് നിർമ്മാണവും | 49,000 | ജോർജ്ജ് കാവുകാട്ട് | 48,995 |
| 4 | 200/18<br>ആസാദ് ലൈബ്രറിഹാൾ പെയിന്റിംഗ് | 49,500 | സനൽകുമാർ | 49,417 |
| 5 | 152/18<br>പുളിയനാൽ അങ്കണവാടി റോഡ് ഐറിഷ് ഡ്രെയിൻ | 20,000 | മുരളീധരൻ പിള്ള | 19,078 |
| 6 | 188/18<br>നെല്ലിയാനി അങ്കണവാടിയ്ക്ക് കോമ്പൗണ്ട് വാൾ നിർമ്മാണം | 2,10,000 | ബിനു അഗസ്റ്റിൻ | 2,03,671 |
| 7 | 194/18<br>വെള്ളിയേപ്പള്ളി സ്കൂൾ പെയിന്റിംഗ് | 48,500 | വേണു വട്ടകനാൽ | 48,051 |
| 8 | 132/18 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം | 4,24,940 | സനൽകുമാർ | 70,056 |
| 9 | 121/18<br>ഗവ.എൽ.പി.എസ്.വെള്ളിയാപ്പള്ളി അടിസ്ഥാന സൗകര്യ വികസനം | 4,00,000 | ദീപു തെക്കേലക്കൽ | 3,94,887 |
| 10 | 122/18<br>പുലിയന്നൂർ പുതിയ എൽ.പി.സ്കൂളിന്റെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 2,00,000 | ബെന്നി സട്ടക്കൊട്ട | 1,77,295 |
| 11 | 201/18<br>സെന്റ് ജോർജ്ജ് എൽ.പി.എസ്.ൽ ക്ലസ് നിർമ്മാണം | 2,70,000 | സണ്ണി എബ്രഹാം | 2,53,479 |
| 12 | 110/18<br>ഒന്നാം വാർഡിലെ അങ്കണവാടിയ്ക്ക് ടോയ്‌ലെറ്റ് നിർമ്മാണം | 48,000 | പത്മനാഭൻ നായർ | 47,352 |
| 13 | 127/18<br>തിരുവേലിക്കൽ അങ്കണവാടി അറ്റകുറ്റപ്പണികൾ | 1,70,000 | ബേബി എം.ജെ. | 1,58,709 |

| | | | | |
|---|---|---|---|---|
| 14 | 153/18<br>സി.ആർ.സി.ബിൽഡിംഗിന്റെ അറ്റകുറ്റപ്പണികൾ | 1,10,000 | ജയറാണി സാബു | 1,09,527 |
| 15 | 125/18<br>മുത്തോലി ഗ്രാമപഞ്ചായത്ത് റെക്കോർഡ് റൂമിന് അധിക സൗകര്യം | 49,500 | ലിസി മാത്യു | 19,394 |
| 16 | 202/18<br>പടിഞ്ഞാറ്റിൻകര പാടശേഖരത്തിന് റാമ്പ് നിർമ്മാണം | 2,25,000 | ബാലഗോപാലൻ നായർ | 2,15,474 |
| 17 | 68/18<br>പാറയിൽ എലിവാലുപുറം റോഡ് കോൺക്രീറ്റിംഗ് | 45,000 | ചന്ദ്രൻ | 44,605 |
| 18 | 154/18<br>എലിവാലുപുറം അങ്കണവാടി അറ്റകുറ്റപ്പണി | 1,10,000 | സാജു എബ്രഹാം | 1,09,911 |
| 19 | 198/18<br>തെങ്ങുംതോട്ടം കടയം റോഡ് കോൺക്രീറ്റിംഗ് | 13,500 | ജോസഫ് ജോസഫ് | 13,190 |
| 20 | 143/18<br>ചകിണിക്കുന്ന്<br>കൾച്ചറൽ സെന്റർ മെയിന്റനൻസ് | 49,500 | പ്രജേഷ് മാത്യു | 48,627 |
| 21 | 144/18<br>ആശ്രമം സ്കൂളിന്റെ പെയിന്റിംഗ് | 50,000 | രമ്യ എം.നായർ | 49,949 |

കൺവീനർക്ക് അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.5)ഇതു സംബന്ധിച്ച് സർക്കുലറുകളോ ഓർഡറുകളോ ഇല്ലായിരുന്നുവെന്നും തുക ഓരോ കൺവീനർമാരിൽ നിന്നും ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി മേൽ വിഷയം പ്രത്യേകം പരിഗണിക്കേണ്ടതും അധികംനൽകിയ തുക ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 റോഡ് ടാറിങ്ങ് പ്രവൃത്തികൾ-ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (238+12% GST) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ താഴെപറയുന്ന ടാറിംഗ് വേലകളുടെ ബില്ലിൽനിന്നും മേൽപ്പറഞ്ഞപ്രകാരം ബാരൽവില ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം., പേര് | കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരലിന്റെ എണ്ണം | കുറവ് ചെയ്യേണ്ട തുക(രൂപ) |
|---|---|---|---|---|
| 109/18 തുരുത്തിക്കുഴി ചരനാനിക്കൽ റോഡ് അറ്റകുറ്റപണി | ഷാജി ഏബ്രഹാം | RS1-259.875kg<br>S65-2573.39kg | 2<br>17 | 5,064 |
| 204/18<br>പടിഞ്ഞാറ്റിൻകര കുരിശുപള്ളി കിഴക്കേമാറിടം റോഡ് സംരക്ഷണഭിത്തിയും പുനരുദ്ധാരണവും | സിജുമോൻ ഡി. | RS1-148.5kg<br>S65-1509.56kg | 1<br>9 | 2,665 |
| 79/18<br>കുന്നക്കാട്ട്പടി-മുട്ടാട്ടുമല റോഡ് റീ ടാറിംഗ് | റോയി ഏബ്രഹാം | RS1-181.9125kg<br>S65-1815.735kg | 1<br>12 | 3,465 |
| 210/18<br>പുലിയന്നൂർ അള്ളുങ്കൽ റോഡ് അറ്റകുറ്റപണി | പരമേശ്വരൻ റ്റി.ജെ. | RS1-43.875kg<br>S65-536kg | 1<br>5 | 1,599 |
| 212/18<br>രാമകൃഷ്ണൻ മുട്ടമറ്റം റോഡ് അറ്റകുറ്റപണി | സിജുമോൻ ഡി. | RS1-145.125kg<br>S65-1807.1kg | 1<br>12 | 3,465 |
| 91/18 കൊടുങ്ങൂർക്കാവ് റോഡ് റീടാറിംഗ് | ഷോണി പി. ജേക്കബ് | RS1-239.625kg<br>S65-2936.86kg | 2<br>19 | 559 |

ബാരൽ വില കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാർക്ക് നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നം.6) തുക കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകി. തുക ഈടാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 സേവനനികുതി അടവാക്കിയിട്ടില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് സേവനനികുതി ഇനത്തിൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് സേവന നികുതിയിനത്തിൽ കേന്ദ്രസർക്കാരിലേയ്ക്ക് ഒടുക്കാതെ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ആകെ വേല മൂല്യത്തോടൊപ്പം സേവന നികുതി ഇനത്തിൽ വകയിരുത്തിയ തുകകൂടി പിൻവലിക്കുകയും സേവനനികുതിയിനത്തിലുള്ള തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | ആകെ വേലമൂല്യം | സേവനനികുതി ഇനത്തിൽ പിൻവലിച്ച തുക(രൂപ) |
|---|---|---|
| SO 140/<br>ആശ്രമം ഗവ.LP സ്കൂൾ കക്കൂസ് നിർമ്മാണം | 2,91,919 | 17,515 |

| | | |
|---|---|---|
| SO 149/<br>13വാർഡ് മെറ്റീരിയൽ റിക്കവറി ഫസിലിറ്റി സെന്റർ | 4,57,573 | 48,045 |
| SO 105/<br>മുത്തോലി അങ്കണവാടി ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ | 85,410 | 8,968 |
| 109<br>ശ്രീകുരുംബക്കാവ് അങ്കണവാടി ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ | 1,60,041 | 16,804 |
| 99<br>തിരുവേലിക്കൽ അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 4,33,194 | 45,485 |
| വെള്ളയേപ്പള്ളി ഗവ.സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം | 2,70,269 | 17,626 |
| ആകെ | | 1,54,443 |

സേവന നികുതിയിനത്തിൽ പിൻവലിച്ച തുക ബിൽ മാറിയ തീയതിയിൽ തന്നെ കേന്ദ്ര സർക്കാരിലേയ്ക്ക് ഒടുക്കേണ്ടിയിരുന്നു. നാളിതു വരെ ടി തുക ഒടുക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.7)തുക അടവാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 നിക്ഷേപപ്രവൃത്തികൾ - കൈപ്പറ്റരസീത്, വിനിയോഗവിവരം എന്നിവ ലഭിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്ക് വേണ്ടി നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ട് മുഖേന/ചെലാൻ മുഖേന ട്രാൻസ്ഫർ ചെയ്ത ഈ തുകകളുടെ കൈപ്പറ്റ് രസീതും സൂക്ഷിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ 4,61,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | നിക്ഷേപിച്ച തുക | നിർവ്വഹണ ഏജൻസി | നിക്ഷേപവിവരങ്ങൾ |
|---|---|---|---|
| നം.196/18 പുലിയന്നൂർ ആസാദ് ലൈബ്രറി ഹാൾ വയറിംഗ് | 1,18,000/- | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം)കോട്ടയം | ട്രഷറി ചെലാൻ നം.KL011974797201718M/31.03.2018 |
| നം.14/2018 പടിഞ്ഞാറ്റിൻകര ലൈബ്രറി, തിരുവേലിക്കൽ, കാണിയക്കാട് അങ്കണവാടികളുടെ വയറിംഗ് | 1,43,000 | -ടി- | ട്രഷറി ചെലാൻ നം.KL007178800201718M/25.10.2017 |
| നം.100/18 ജില്ലാ പ്ലാനിംഗ് ഓഫീസ് - കെട്ടിട നിർമ്മാണം - വിഹിതം നൽകൽ | 2,00,000 | ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം | ട്രഷറി നം.01/2017-18/11.08.2017 |

| | | | |
|---|---|---|---|
| ആകെ | 4,61,000 | | |

## 3-11 വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും നിയമപരായ ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. തനത് വരുമാന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. എന്നാൽ ഓരോ പ്രോജക്ടും പ്രത്യേകം അവലോകനം ചെയ്യുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ആവശ്യമായ നടപടികൾ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

2) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

വിവിധക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിക്കുകയും ക്ഷേമപെൻഷൻ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. അനർഹരെ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

3) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിലെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാ മാസത്തിലും യോഗം ചേർന്ന് ചുമതലയിൽപ്പെട്ട എല്ലാ വിഷയങ്ങളും ചർച്ച ചെയ്യുന്നതായി മിനിട്ട്സ്ബുക്ക് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്ത് 2017-18വർഷം നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് ചർച്ച നടത്തി പദ്ധതികൾ ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും നിർവ്വഹണഘട്ടങ്ങൾ അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട് എന്ന് വിവിധ തീയതികളിലെ യോഗതീരുമാനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ പൊതുവായ വികസനത്തെ ലക്ഷ്യമാക്കി വിശാലമായ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല .

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ചുമതലയിലുള്ളവയാണ്. 105 പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയതിൽ 104 എണ്ണവും നടപ്പാക്കിയിട്ടുണ്ട്. എങ്കിലും ആവശ്യകത കൃത്യമായി വിലയിരുത്താതെ ഫണ്ടുകൾ വീതം വച്ച് ചെറിയ തുകയുള്ള പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. ആയതിനാൽ സമഗ്രവികസനം കൈവരിക്കുന്നതിന് സാധിച്ചില്ല എന്ന് വിലയിരുത്തുന്നു.

4) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതി നിർവ്വഹണത്തിൽ സജീവമായി ഇടപെടുന്നുണ്ട്. മോണിറ്ററിംഗ് കൃത്യമായി നടത്തുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2018 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | തുക(രൂപ) | പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ളാലം ബ്ലോക്ക് | 6.4.18 | 2,00,000 | പരിരക്ഷ | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പാലിയേറ്റീവ് കെയർ | | |
| ജില്ലാ പഞ്ചായത്ത് | 23.2.18 | 6,00,000 | വീട് വാസയോഗ്യമാക്കൽ | 1,39,999 | 4,60,001 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 12.3.18 | 88,500 | സ്കൂളുകളിലും ബ്ലോക്ക് കോമ്പൗണ്ടുകളിലുംസ്ത്രീകൾക്ക് നാപ്കിൻ ഡിസ്ട്രോയർ | 86,376 | 2,124 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 26.3.18 | 75,000 | ക്ഷീരോല്പാദനത്തിന് സബ്സിഡി | 75,000 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 1/18 | 1,50,000 | മുത്തോലി മിനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ അനുബന്ധ സാമഗ്രികൾ | 1,40,852 | 9,148 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 31.3.18 | 2,00,000 | മുത്തോലി പഞ്ചായത്തിൽ സോളാർ വിളക്കുകൾ സ്ഥാപിക്കൽ | 1,95,000 | 5,000 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 1/18 | 2,40,000 | ചകിണിതോടിൽ ചെക്ക് ഡാം പൂർത്തീകരണം | 1,35,301 | 1,04,699 |
| ജില്ലാ പഞ്ചായത്ത് | 24.2.18 | 9,00,000 | മെറ്റീരിയൽ റിക്കവറിഫെസിലിറ്റി സെന്റർ | 3,13,380 | 5,86,620 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | നൽകിയ തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| KSEB | 68,867 | പുലിയന്നൂർ ക്ഷേത്രം കിഴക്കേനട-പൂവാനിക്കൽപടി റോഡിൽ പോസ്റ്റ് ഉയരം കൂട്ടലും ലൈൻ ഷിഫ്റ്റിങ്ങും | -- | 68,867 |
| PWD Electrical Wing, kottayam | 1,18,000 | ആസാദ് ലൈബ്രറി പുലിയന്നൂർ ഹാൾ വയറിംഗ് | -- | 1,18,000 |
| KSEB | 1,43,000 | പടിഞ്ഞാറ്റിൻകര ലൈബ്രറി, തിരുവേലിക്കൽ കാണിയക്കാട് അങ്കണവാടികളുടെ വയറിംഗ് | -- | 1,43,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവോ തിരിച്ചടവോ ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

31.03.2018 – ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ചാർജ്/സർച്ചാർജ് നടപടികൾ തുടർന്ന് വരുന്നില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,77,16,668 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,62,40,598 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,25,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,42,319 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 1,25,000 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(1) | 1,40,852 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |
| 3-6(3) | 90,850 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |
| 3-6(4) | 2,24,060 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |
| 3-5(2) | 25,557 | ഡോ.അനീഷ് കെ.ഭദ്രൻ |
| 3-10 | 4,61,000 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 2-2, 2-3, 2-4

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി | സെക്രട്ടറി, കടനാട് ഗ്രാമപഞ്ചായത്ത് | തെങ്ങുംമൂട്ടിൽ, വെള്ളയാംകുടി, കട്ടപ്പന |
| ഡോ.അനീഷ് കെ.ഭദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മുത്തോലി | കലേക്കാട്ടിൽ, മണർകാട് പി.ഒ., കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.പി.2/716/97/7.10.97/6.1.98 | 5 | |
| 1995-96 | എൽ.എഫ്.കെ.പി.2/1118/98/15.1.99 | 5 | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.7/അദാ/18/214(1)/18, 06.03.18 | 2 | |
| 98-99 വരവ് | എൽ.എഫ്.കെ.പി-5/553/08/9.11.09 | | |
| 00-01,01-02പ്ലാൻ | എൽ.എഫ്.കെ.പി.7/ 570/അദാ/14(3) 26.11.14 | 2 | |
| 2000-01 | എൽ.എഫ്.കെ.പി.7/1459/17/23.03.17 | 12 | |
| 2001-02 | എൽ.എഫ്.കെ.പി.7/ 570/അദാ/14(4) 26.11.14 | 3 | |
| 2002-03 | എൽ.എഫ്.കെ.പി.7/470/05/9.9.05 | 17 | |
| 2003-04 | എൽ.എഫ്.കെ.പി.7/അദാ/18/214(3)/18, 3.3.18 | 9 | |
| 2004-05 | എൽ.എഫ്.കെ.പി.7/938/15/16.4.2016 | 2 | |
| 2005-06 | എൽ.എഫ്.കെ.പി.7/അദാ/18/214(4)/6.3.18 | 3 | |
| 2006-07 | എൽ.എഫ്.കെ.പി.7/804/09/9.10.09 | 8 | |
| 2008-09 | എൽ.എഫ്.കെ.പി.7/1459(4)പി6/20.03.2017 | 3 | |
| 2009-10 | എൽ.എഫ്.കെ.പി.7/1197/12/4.1.2013 | 4 | |
| 2010-11 | എൽ.എഫ്.കെ.പി.7/ 19/14/20.3.14 | 7 | |
| 2011-12 | എൽ.എഫ്.കെ.പി.7/1512/13/3.11.13 | 6 | |

| | | | |
|---|---|---|---|
| 2012-13 | എൽ.എഫ്.കെ.പി.7/ 270/15/18.4.15 | 3 | |
| 2013-14 | എൽ.എഫ്.കെ.പി.7/15/17, 30.5.17 | 4 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി7/14/17/3.4.17 | 6 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7/320 /17/02.06.2017 | 11 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി7/236/18, 3.3.18 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.7/1435/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 04812564886
തീയതി: 07.08.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി

കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം